Santhigiri
ഗുരുവാണി
"സത്യത്തെ സ്നേഹിക്കാൻ കഴിഞ്ഞാൽ അതിൽ കവിഞ്ഞൊരു നേട്ടം ജീവിതത്തിൽ വരാനില്ല. സത്യം എന്നത് അന്തർഭാവങ്ങളിൽ സൂക്ഷ്മമായിരിക്കുന്ന കർമഗതിയിൽ കടന്ന് അതിനെ ഇളക്കുന്ന ആത്മജ്യോതി മാത്രമാണ്. "

ഉമ്മിണിതങ്കം
VOL 03 | ISSUE 40 | 2017 സെപ്റ്റംബർ 17 | 1193 കന്നി 1

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂർണ്ണ കുംഭമേള ബുധനാഴ്ച; ഒരുക്കങ്ങൾ പൂർത്തിയായി

**സ്പിരിച്വൽ സോൺ:** ഈ വർഷത്തെ പൂർണ്ണ കുംഭമേളയ്ക്ക് ആശ്രമത്തിൽ ഒരുക്കങ്ങൾ പൂർത്തിയാകുന്നു. ബുധനാഴ്ച (1193 കന്നി നാല് -2017 സെപ്റ്റംബർ 20) ആണ് പൂർണ്ണ കുംഭമേള ആഘോഷിക്കുന്നത്. രാവിലെ മുതൽ തന്നെ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ കുംഭമേള ദിവസം നടക്കും. കുംഭമേളയ്ക്ക് മുന്നോടിയായുള്ള വ്രതാചരണം സെപ്റ്റംബർ 14 വ്യാഴാഴ്ച ആരംഭിച്ചു. സുകൃതധന്യമായ കുംഭമേളയിൽ വ്രതശുദ്ധിയോടെ പങ്കെടുത്ത് പാപഹേതുവായി ഉണ്ടായിട്ടുള്ള രോഗാദിദുരിതങ്ങൾ മാറുവാനുള്ള പ്രാർത്ഥനയിലാണ് ആത്മബന്ധുക്കൾ.

ബ്രഹ്മകല്പിതമായി നിർവഹിക്കപ്പെടുന്ന ഒരു നിവാരണ കർമ്മപദ്ധതിയാണ് ശാന്തിഗിരിയിലെ കുംഭമേള. പ്രപഞ്ചത്തിന്റെ മൊത്തം ചൈതന്യസത്തയായ ഗുരുതത്ത്വത്തിന്റെ അതിനിഗൂഢഭാവത്തെ സ്നേഹകാരുണ്യങ്ങളുടെ ആധികാരികതയിൽ ലളിതമാക്കി വിന്യസിപ്പിക്കുന്ന ഒരു ഭാവുക കർമ്മമാണിത്.ഉല്പത്തികാലം മുതലുള്ള ആത്മീയചരിത്രാംശങ്ങളെ സ്വാശീകരിക്കുകയും തിരുത്തുകയും ചെയ്യുന്ന കർമമെന്നും കുംഭമേളയെ വിളിക്കാം.

മനുപരമ്പരയ്ക്ക് തെറ്റുപറ്റിയാൽ ബ്രഹ്മംതന്നെ അതേറ്റെടുത്തു പ്രവർത്തിക്കും. ഇത് ആ നിശ്ചയത്തിന്റെ കരുതലാണ്. ഗുരുവിന്റെ ജന്മപരമ്പരകളിലെ ത്യാഗസഹനങ്ങളുടെ പ്രതീകാത്മകമായ പുനരാവർത്തനം ഗുരുവിന്റെ ഈ ജീവിതത്തിൽ സംഭവിച്ചു. അതിന്റെ പുണ്യസാന്ദ്രമായ മുഹൂർത്തങ്ങളാണ് ഗുരുവിന്റെ ആത്മീയ അവസ്ഥാപൂർത്തീകരണങ്ങളിലൂടെ പ്രകാശിച്ചത്. ആ അവസ്ഥകളുടെ സമ്പൂർണ പൂർത്തീകരണം 1973 കന്നി നാലാം തീയതി സംഭവിച്ചു. അതിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് ബ്രഹ്മത്തിൽ നിന്നും അറിയിപ്പുണ്ടായി: "ഞാൻ യുഗാന്തരങ്ങളായി ആഗ്രഹിച്ചിരുന്ന കാര്യം ഇന്നു പൂർത്തിയായി." ഈ സുദിനം നിത്യസ്മരണാർഹമായതിനാൽ അത് ലോകോത്തരമായ ഉത്സവവും ഭക്തിയുടെ സമാരോഹവും എന്ന നിലയിൽ ആചരിച്ച് ആഘോഷിച്ചുകൊള്ളാൻ അനുവാദം ലഭിച്ചു. ഈ ഉത്സവമാണ് എല്ലാ വർഷവും കന്നി നാലിന് പൂർണ്ണ കുംഭമേളയായി ശാന്തിഗിരിയിൽ ആചരിക്കുന്നത്. കൂടാതെ ഫെബ്രുവരി 22 ന് പൂജിതപീഠ സമർപ്പണാഘോഷത്തിന്റെ ഭാഗമായി അർദ്ധവാർഷിക കുംഭമേളയും ആഘോഷിച്ചുവരുന്നു.



*കുംഭമേളയ്ക്കുള്ള കുംഭം ഒരുക്കുന്ന ആത്മബന്ധുക്കൾ*

അഷ്ടഗന്ധം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കിയ തീർത്ഥം മൺകുടങ്ങളിൽ നിറച്ച് പീതവസ്ത്രം കൊണ്ടു പൊതിഞ്ഞുകെട്ടി കുടത്തിന്റെ വായ് വട്ടത്തിൽ നാളികേരം വച്ച് പൂമാല ചാർത്തിയാണ് കുംഭം ഒരുക്കുന്നത്. മുത്തുക്കുടകളുടെയും വിവിധ വാദ്യമേളങ്ങളുടെയും അകമ്പടിയോടെ അഖണ്ഡനാമാലാപത്തോടെ പൂർണകുംഭം വഹിച്ചുകൊണ്ട് ഘോഷയാത്രയായി നീങ്ങുന്ന പ്രദക്ഷിണവേദി പുഷ്പ ദീപ ധൂപാദികളുടെയും ചന്ദനത്തിരിയുടെയും സുഗന്ധംകൊണ്ട് പൂരിതമായിരിക്കും. ഈ കുംഭഘോഷയാത്ര ആശ്രമസമുച്ചയം വലംവച്ച് ഗുരുപാദങ്ങളിൽ സമർപ്പിക്കുന്നതാണ് കുംഭമേളയുടെ അനുഷ്ഠാനകർമ്മം. കുംഭങ്ങൾ ശിരസിൽ വഹിച്ച് വിശ്വാസികളും അർത്ഥികളും അടിവച്ചുനീങ്ങുമ്പോൾ സൂക്ഷ്മാന്തരീക്ഷത്തിൽ ദിവ്യമായ ഒരു ആത്മീയപ്രക്രിയ നടക്കുന്നു. ആത്മീയപ്രാപ്തങ്ങളുടെ വിവിധ തലങ്ങളിൽ നില്ക്കുന്ന സൂക്ഷ്മരൂപികളായ സ്ത്രീപുരുഷന്മാർ സ്നേഹാദരങ്ങളോടെ ഘോഷയാത്ര നടക്കുന്ന ഈ വേളയിൽ പുഷ്പാർച്ചന നടത്തുന്ന കാഴ്ചയും സ്ഥൂലത്തിലെ ഈ ആഘോഷത്തിനൊപ്പം സൂക്ഷ്മത്തിൽ ഋഷീശ്വരന്മാർ കുംഭങ്ങൾ വഹിച്ചുകൊണ്ട് പ്രാർത്ഥന നടത്തുന്ന കാഴ്ചയും ദർശനമുള്ളവർക്കു കാണാം. ഈ സൂക്ഷ്മരൂപികളെല്ലാം ഈ ആഘോഷമഹിമയെ പ്രകീർത്തിക്കുകയും അവരുടെ കർമ്മശേഷികൾ ഈ കർമ്മത്തിന്റെ ശ്രേയസിനായി അർപ്പിക്കുകയും ചെയ്യുന്നു.

തുടർച്ചയായി 12 കുംഭങ്ങൾ എടുക്കുന്നവർക്ക് ജന്മാർജിത പാപഹേതുവായി ഉണ്ടായിട്ടുള്ള രോഗദുരിതങ്ങൾ അഴിഞ്ഞില്ലാതായി കർമ്മശുദ്ധിയും ഗോത്രശുദ്ധിയും ആത്മശുദ്ധിയും കൈവരുന്നു.

ശാന്തിഗിരിയിലെ കുംഭമേള സമകാലീനമായ മേള മാത്രമല്ല, ഇത് നാളെയുടെ മഹാമേളയുമാണ്. സൗരയൂഥത്തെയും ആകാശങ്ങളെയും ആവരണം ചെയ്തുനില്ക്കുന്ന ഗുരു എന്ന അതീവസത്യപ്രകാശത്തിന്റെ കാരുണ്യാശ്ലേഷത്താൽ പൊതിഞ്ഞു നില്ക്കുന്നതാണ് ശാന്തിഗിരി ആശ്രമത്തിലെ കുംഭമേള.

## സന്ന്യാസദീക്ഷാ വാർഷികം സെപ്റ്റംബർ 30 ന്; തയ്യാറെടുപ്പുകൾ തുടങ്ങുന്നു

**സ്പിരിച്വൽ സോൺ:** സന്ന്യാസദീക്ഷാ വാർഷികം ആഘോഷം സെപ്റ്റംബർ 30 ന് നടക്കും. ഇതോടനുബന്ധിച്ചുള്ള വ്രതാചരണവും ഒൻപത് ദിവസം നീളുന്ന സത്സംഗവും സെപ്റ്റംബർ 21 വ്യാഴാഴ്ച ആരംഭിക്കുന്നതാണ്. 1984 വിജയദശമി നാളിലാണ് ഗുരു ആദ്യമായി ഏതാനും ശിഷ്യർക്ക് സന്ന്യാസദീക്ഷ നല്കിയത്. ആദിസങ്കല്പത്തിൽ ലയിച്ചതിനു ശേഷവും ഗുരു ശിഷ്യപൂജിതയിലൂടെ ശിഷ്യർക്ക് സന്ന്യാസദീക്ഷ നല്കി. ഗുരുധർമ്മപ്രകാശ സഭ എന്നാണ് ശാന്തിഗിരിയിലെ സന്ന്യാസിസഭയുടെ നാമധേയം. ഗുരുധർമ്മപ്രകാശ സഭ ശാന്തിഗിരിയിലൂടെ ഗുരുവിനെ ലോകത്തിന് സമർപ്പിക്കുന്നു. തങ്ങളുടെ കർമത്തിലൂടെയാണത് നിർവഹിക്കുന്നത്. ത്യാഗധനനായ ഗുരുവിന്റെ ത്യാഗം സ്വന്തം ജീവനിൽ പകർത്തി പുണ്യനിദാനമായ കർമമാക്കി മാറ്റി ലോകത്തിനു സമർപ്പിക്കുന്നു. ഇത് ലോകത്തിന്റെ മോചനവഴിയും സന്ന്യാസത്തിന്റെ തിരുത്തുമാണ്. ഈ വരുന്ന സെപ്റ്റംബർ 30 ന് നടക്കുന്ന സന്ന്യാസദീക്ഷാ വാർഷികത്തിനു മുന്നോടിയായി ശാന്തിഗിരി പരമ്പര ഒന്നടങ്കം പ്രാർത്ഥനാസങ്കല്പങ്ങളിൽ ഒരുപോലെ പങ്കാളികളാവുകയാണ്. വ്രതദിവസങ്ങളിൽ സന്ന്യാസിസന്ന്യാസിനിമാർക്ക് ഭക്ഷണവും നിത്യോപയോഗ സാധനങ്ങളും നല്കുന്നതിന് ആത്മബന്ധുക്കൾക്ക് അവസരമുണ്ട്. വിവിധ ഏരിയകൾ തിരിച്ചുള്ള ഷെഡ്യൂൾ പ്രകാരമാണ് ഭക്ഷണ വിതരണം നടക്കുക.

**പ്രതിദിന പ്രവർത്തന കോഡിനേഷൻ**
**(ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകൾ)**

| | |
|---|---|
| സെപ്റ്റംബർ 21 വ്യാഴം | - ശാന്തിഗിരി ജംഗ്ഷൻ |
| സെപ്റ്റംബർ 22 വെള്ളി | - ശാന്തിപുരം, കരുണപുരം |
| സെപ്റ്റംബർ 23 ശനി | - രത്നഗിരി |
| സെപ്റ്റംബർ 24 ഞായർ | - ജ്യോതിപുരം |
| സെപ്റ്റംബർ 25 തിങ്കൾ | - ജനസേവികപുരം |
| സെപ്റ്റംബർ 26 ചൊവ്വ | - സ്നേഹപുരം |
| സെപ്റ്റംബർ 27 ബുധൻ | - പോത്തൻകോട് |
| സെപ്റ്റംബർ 28 വ്യാഴം | - ലക്ഷ്മിപുരം |
| സെപ്റ്റംബർ 29 വെള്ളി | - പാലോട്ടുകോണം |
| സെപ്റ്റംബർ 30 ശനി | - ആനന്ദപുരം |

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ദൈവം നിങ്ങൾക്ക് ഏറ്റവും പറ്റിയ അവസരം തന്നിരിക്കുകയാണ്. പക്ഷെ നിങ്ങൾ എടുക്കുകയില്ല. ഞാൻ നിങ്ങളോട് സത്യമായിട്ടേ പറയൂ, പെരുമാറൂ. നിങ്ങൾ എന്തുചെയ്യുന്നു, കളഞ്ഞുകുളിക്കുന്നു. എനിക്കെന്തുചെയ്യാൻ കഴിയും. നിങ്ങൾ ഏതു നിലയിലുള്ള സ്വാതന്ത്ര്യമാണ് കണ്ടിരിക്കുന്നത്. അത് അടിമപ്പെട്ട് ജീവിച്ചുപോയതിൽ നിന്നുണ്ടായ അപകർഷതയാണ്. ഇത് ഒരു തരം സ്വാതന്ത്ര്യം. മറ്റൊന്ന് അഹങ്കാരം പിടിച്ച് ജീവിച്ചതിന്റെ സ്വാതന്ത്ര്യം. വേറൊന്ന് ജാതിയും മതവുമായിട്ട് പൊരുതിയുള്ള സ്വാതന്ത്ര്യം. ഇതാണോ മനുഷ്യന്റെ സ്വാതന്ത്ര്യം?

ഈ ആശയം നിങ്ങൾക്ക് സത്യമായിട്ട് തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളാണ് പ്രവർത്തിച്ചെടുക്കേണ്ടത്. നിങ്ങൾ പ്രവർത്തിച്ചെടുക്കാൻ വേണ്ടിയാണ് ഞാൻ ഇത് ചെയ്തിരിക്കുന്നത്. ഇങ്ങനെയൊക്കെയാണ് സ്വാതന്ത്ര്യം തേടേണ്ടതെന്നാണ് ആളുകൾ ധരിച്ചുവച്ചിരിക്കുന്നത്. ഈ സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ല. ഇത് നമ്മുടെ മക്കളെ പിഴവിലേക്ക് വലിക്കുന്ന സ്വാതന്ത്ര്യമാണ്.

പഠിച്ചവന്റെ കൈയിലാണ് ഏറ്റവും കൂടുതൽ അറിവുകേടിരിക്കുന്നത്. പഠിക്കാത്ത പിള്ളേരിൽ 'കുറവ്' കുറവായിട്ടാണ് കാണുന്നത്. എവിടെയെല്ലാം പണവും ശേഷിയും വിദ്യയും ഉയർന്നിട്ടുണ്ടോ അവിടെയെല്ലാം അഹങ്കാരവും ഉയർന്നിട്ടുണ്ട്. മയ്യനാട് സംസ്കാരം, കോട്ടയം സംസ്കാരം, കുറച്ചുകൂടി വിശാലമായി കണ്ടാൽ എറണാകുളം, കൊച്ചി; കോഴിക്കോട് വേറൊരു സംസ്കാരം, അങ്ങനെ കേരളത്തിൽ തന്നെ എത്രതരം സംസ്കാരമാണ്. ഇത്രയും സംസ്കാരശൂന്യമായ അറിവാണ് നിങ്ങൾ പകർന്നിരിക്കുന്നതെങ്കിൽ നിങ്ങളുടെ മക്കളിലേക്ക് എന്തുകൊടുക്കാനാണ് നിങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നത്? ഇവിടെ വന്ന് താമസിക്കുന്നവരോടാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിങ്ങളും ബ്രാഹ്മണൻ മുതൽ ചണ്ഡാളൻ വരെയുള്ള ആളുകളും ഇവിടെ വന്ന് താമസിക്കുന്നത് എനിക്ക് നിങ്ങളോടും നിങ്ങൾക്ക് എന്നോടും സ്നേഹവും കടപ്പാടും ഉള്ളതുകൊണ്ടാണ്. ഞാൻ എന്തെങ്കിലും ഒന്ന് ചെയ്തിട്ടാണ് നിങ്ങളോട് പറഞ്ഞുതന്നിരിക്കുന്നത്. പക്ഷെ നിങ്ങൾ അതല്ല കണ്ടിരിക്കുന്നത്. മാന്യതയില്ലാത്ത ജീവിതത്തിന്റെ ഏറ്റവും വലിയ അടുക്കായ ഒരു അമർഷം പോലെയാണ് നിങ്ങൾ ഇവിടെ ജീവിക്കുന്നത്. നിങ്ങളുടെ ആ പഴയ അമർഷം ഇതിനകത്തു നിങ്ങൾ കൊണ്ടുവന്നു ചെലവാക്കരുത്. ചെലവാക്കിയാൽ നിങ്ങളുടെ കുട്ടികൾ പൊയ്പ്പോകും. എനിക്ക് പിന്നെ ഒന്നും ചെയ്യാൻ കഴിയില്ല. നിങ്ങൾ എന്തിന് ഈ വികടത്തരം ഇവിടെ ചെയ്യുന്നു? നിങ്ങളുടെ പാരമ്പര്യത്തിൽ വന്നിരിക്കുന്ന ദോഷത്തെ പിടിച്ചിട്ട് നിങ്ങളുടെ വീടിന്റെ സംസ്കാരം മാറിവരാൻ തക്കവിധം ആരാധനാ സ്വാതന്ത്ര്യംവരെ മറ്റൊരു വഴിയിൽ ആക്കിയിട്ടാണ് നിങ്ങളോട് ഞാൻ പറയുന്നത്. പക്ഷെ അത് ചിന്തിച്ചോ അറിഞ്ഞോ അനുസരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല.

നിങ്ങൾ ആരാധിച്ചു പോന്നിരിക്കുന്ന പാരമ്പര്യത്തെ ഞാൻ എടുത്തുകളഞ്ഞു. അത് ഹിന്ദുവാണോ ക്രിസ്ത്യാനിയാണോ മുസ്ലിമാണോ ബൗദ്ധനാണോ എന്നൊന്നും നോക്കിയിട്ടല്ല ചെയ്തിരിക്കുന്നത്. നിങ്ങളുടെ പാരമ്പര്യത്തിൽ നിന്ന് ആ പഴയ സംസ്കാരത്തിന്റെ കാതൽ പറിച്ചുകളഞ്ഞിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണനാണോ ചണ്ഡാളനാണോ എന്ന് ഞാൻ നോക്കിയിട്ടുണ്ടോ? ഇവിടെ ഇന്നോളം ജീവിച്ചിട്ടുള്ള ഒരു കുഞ്ഞിനെങ്കിലും ഈ നവ സംസ്കാരത്തിൽ വളരണമെന്ന് കരുതിയിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. എന്റെ അടുത്തുനിന്നു പ്രവർത്തിച്ച എല്ലാവരിൽ നിന്നും അവരുടെ കുടുംബം മൊത്തത്തിൽ നിന്നും എനിക്കു കിട്ടിയിരിക്കുന്ന അനുഭവം വേദനയാണ്. അങ്ങനെയല്ലെങ്കിൽ നിങ്ങൾ പറയണം.

ഞാൻ നിങ്ങൾക്കുവേണ്ടി എന്തിനിതു ചെയ്തിരിക്കുന്നു? നിങ്ങൾക്ക് ആവശ്യമില്ലാത്തതാണെങ്കിൽ എന്തിനു പിന്നെ എന്നെക്കൊണ്ടിതു ചെയ്യിപ്പിച്ചു? നിങ്ങളിൽ ആരെങ്കിലും ഒരാൾ ആ നിലയ്ക്ക് ജീവിച്ച് എന്നെ കാണിച്ചുതരാൻ തയാറായിട്ടുണ്ടോ? നിങ്ങൾ ഇവിടെ ജീവിക്കുന്നത് ദൈവം തന്ന ഈ ആശയത്തെ ദുഷിച്ചവിധത്തിൽ വളർത്തി നിങ്ങളെത്തന്നെ ചീത്തയാക്കാനാണോ?

## വചനദീപ്തി

**"ദൈവത്തിന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു."**

**യേശുദേവൻ**

(ജറുസലേം ദേവാലയത്തിലെ പുരോഹിതന്മാരോടു പറഞ്ഞത്.)

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 സെപ്റ്റംബർ 17 മുതൽ 23 വരെ*

| | |
|---|---|
| ഞായർ | - ലക്ഷ്മിപുരം |
| തിങ്കൾ | - ആനന്ദപുരം |
| ചൊവ്വ | - ജനസേവികപുരം |
| ബുധൻ | - രത്നഗിരി |
| വ്യാഴം | - സ്നേഹപുരം |
| വെള്ളി | - കാഞ്ഞാംപാറ |
| ശനി | - പോത്തൻകോട് |

## യാമപ്രാർത്ഥന

*2017 സെപ്റ്റംബർ 21 വ്യാഴം*

**ജ്യോതിപുരം, കാഞ്ഞാംപാറ, സ്നേഹപുരം**

**പ്രകാശപഥം**

# ഗുരുവിനെ പ്രാർത്ഥിച്ച് ഗുരുവിന്റെ സ്വത്തായി മാറുക

അടിസ്ഥാനപരമായ ഗുരുവിന്റെ സന്ദേശം എന്താണ്? കലിയുഗത്തിന്റെ സനാതന സ്വഭാവത്തിന്റെ അടിസ്ഥാനമായ കാര്യങ്ങളെന്താണ്? എന്താണതിന്റെ അർത്ഥം. ഗുരു ആരാണ് ? ഗുരുവിനെ എന്തിനുവേണ്ടി ബ്രഹ്മം കൊണ്ടുവന്നു? എങ്ങനെയാണ് ഗുരുവിനെ കൊണ്ടുവന്നിരിക്കുന്നത്? ഈ ജന്മത്തിൽ ഗുരു ആരായിരുന്നു? എന്തായിരുന്നു? എന്താണ് നമ്മളുമായി പങ്കുവച്ച രംഗങ്ങൾ? ഒരു നിമിഷമെങ്കിലും ഒരു നേരമെങ്കിലും ഓർമ്മിക്കാത്തവരായി ആരും കാണില്ല. സങ്കല്പത്തിന്റെ ഫലം മറ്റൊന്നാണ്. ഗുരുസ്നേഹത്തിന്റെ വലുപ്പത്തിൽ നമ്മളൊരുമിച്ചിരുന്നു സങ്കല്പം ചെയ്യുന്നു. അത് ഗുരു അറിയിക്കുന്നതുപോലെ ചെയ്യണം. അങ്ങനെ ചെയ്തിട്ട് എന്താണ് ഓരോരുത്തർക്കുമുള്ള അനുഭവം? ആ അനുഭവ രംഗത്ത് ചില ഗൃഹസ്ഥാശ്രമികൾക്കും ചില വ്യക്തികൾക്കും - ദൂരെ നിന്ന് വന്നവർക്കായാലും ഇവിടെ അടുത്തുള്ളവർക്കായാലും ആദ്യമായിട്ടു വന്ന ഒരു വ്യക്തിക്കായാലും- അവന്റെ ജീവിതപുണ്യം കൊണ്ടും അവന്റെ ആത്മസാക്ഷാത്കാര സ്വഭാവത്തിൽ എവിടെയോ ഗുരു നിന്നു പ്രവർത്തിക്കുന്ന രംഗങ്ങൾ കാണാൻ കഴിയും. ഇതു നമ്മൾ മനസിലാക്കിയിട്ട് സങ്കല്പം മനസിലോർമ്മിച്ച് ശക്തമായിട്ടു ചെയ്യണം. സങ്കല്പത്തിന്റെ രീതി മറ്റൊരു രീതിയാണ്. അത് വിവരിച്ചു പറയാൻ കഴിയുകയില്ല. അതുകൊണ്ട് അത് മനസിനകത്ത് വിചാരിച്ചിട്ട് എന്റെ ദോഷവശങ്ങൾ മാറണം. എനിക്കെന്ത് നന്മയാണോ കിട്ടേണ്ടത് അത് കിട്ടേണ്ട സ്ഥാനത്ത് കിട്ടണം... എന്റെ ഗുരുവേ.. അപ്പാ ... ദൈവമെ.. പരബ്രഹ്മമേ... എന്ന പ്രാർത്ഥനയാണ് വേണ്ടത്.

നമ്മുടെ മനസിന്റെ ഏറ്റവും ദുഷിച്ച സ്വഭാവം മാറണം. നമ്മൾ ഗുരുവിലേക്ക് ലയിക്കുന്ന വശം ചെയ്തെടുക്കാൻ നോക്കണം. സകല ഗുലുമാലുകളും അടക്കപ്പെട്ടതാണ് നമ്മുടെ ഈ ശരീരവും ജീവനും. നന്മകളും തിന്മകളും ചിലപ്പോൾ കാണുമായിരിക്കും. പക്ഷെ ആ നന്മയെ ഉയർത്താൻ നമുക്ക് കഴിയണം. അങ്ങനെയുള്ള ഭാവനയിൽ ഞാൻ നല്ലതേ ചെയ്യൂ, നല്ലതേ പ്രവർത്തിക്കൂ എന്ന വഴിയിലും സങ്കല്പത്തിലും ഗുരുവിന്റെ സ്വന്തം മക്കളാകാൻ നാം ശ്രമിക്കണം. അല്ലാതെ ഗുരുവിനെ പ്രാർത്ഥിച്ചിട്ട് അന്യന്റെ സ്വത്താകാൻ നാം ഒരിക്കലും ശ്രമിക്കരുത്. നമ്മുടെ സമ്പത്ത് ഗുരുവിന്റെ ആശയവും ഗുരുവിന്റെ മനസും ഗുരുവിങ്കൽ ദേഹവും എല്ലാമാണെന്ന് വിചാരിച്ചിട്ട് നാം ഈ സങ്കല്പം ശക്തിയായി ചെയ്തെടുക്കണം.

ആശ്രമം എന്നാൽ സന്ന്യസിക്കാനുള്ളതല്ല എന്നും ഉപാധിയില്ലാതെ ശിഷ്യന്റെ എല്ലാം ഏറ്റെടുക്കുന്ന, ശിഷ്യനെത്തന്നെ ഏറ്റെടുക്കുന്ന ഗുരുവിന്റെ ആ മഹാസ്നേഹത്തിനു മുന്നിൽ സർവവും സമർപ്പിച്ച് ലോകത്തിനു മാതൃകയാകേണ്ടുന്ന ഒരു ഗൃഹസ്ഥാശ്രമ ജീവിതം നയിക്കുന്നതിന് മാർഗദർശനം ചെയ്യുന്ന ഇടമാണെന്നും നാം മനസിലാക്കണം. ഗുരുവിന്റെ മഹാകാരുണ്യത്തിന് പാത്രീഭവിക്കാൻ സകല ലോകമക്കൾക്കും കഴിയുമാറാകണേ എന്ന് ഗുരുവിനോട് പ്രാർത്ഥിക്കുന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ശാന്തിഗിരിയിലെ കുംഭമേള

പ്രപഞ്ചത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ ഏറ്റവും മഹിതമായ ദിനമായിരുന്നു ഗുരുവിന്റെ ആത്മീയപൂർത്തീകരണം നടന്ന 1973 കന്നി 4. അനന്തപുണ്യാസ്പദമായ സ്മരണാഞ്ജലിയായിട്ടാണ് ആ ദിനം ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. സകല പാപഹരവും രോഗമോചനപരവും ഗോത്രശുദ്ധികരവും ആയ ദൈവാനുഗ്രഹം അതിന്റെ ഫലശ്രുതിയായി വിളംബരം ചെയ്യപ്പെട്ടു. അതാണ് ശാന്തിഗിരിയിലെ കുംഭമേള! ഉല്പത്തികാലം മുതലുള്ള ആത്മീയചരിത്രാംശങ്ങളെ സ്വാംശീകരിക്കുകയും തിരുത്തുകയും ചെയ്യുന്ന മഹത്തായ ആഘോഷമാണിത്.

1973 കന്നി 4 നിത്യസ്മരണാർഹമായതിനാൽ ആ സുദിനം ലോകോത്തരമായ ഉത്സവത്തിന്റെ ദിനവും ഭക്തിയുടെ സമാരോഹവും എന്നനിലയിൽ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊള്ളാൻ ബ്രഹ്മത്തിൽ നിന്ന് അനുവാദം ലഭിച്ചു. അതാണ് വിശുദ്ധിയുടെ വ്രതാനുഷ്ഠാനമായി ശാന്തിഗിരിയിൽ ആഘോഷിക്കുന്ന കുംഭമേള.

കുംഭമേള ആഘോഷിക്കണമെന്ന് അറിയിപ്പുകിട്ടി ഏതാനും വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് അത് പ്രാവർത്തികമാക്കാൻ സാധിച്ചത്. ജനങ്ങളുടെ തീരാവ്യാധികളുടെ പരിഹാരത്തിനായും മാനസികമായി തകർച്ച സംഭവിച്ചവർക്കുവേണ്ടിയും ഉദ്ദിഷ്ടകാര്യസിദ്ധിക്കായും നേർച്ചയായി കുംഭമെടുക്കാം. ജനങ്ങൾ എന്തുതന്നെ സങ്കല്പിച്ചാലും അതിനു ഫലമുണ്ടാകണം എന്നതാണ് കുംഭമേളാ സങ്കല്പം.

മാനവരാശിയുടെ എല്ലാവിധ ദുരിതക്ഷയത്തിനും ദോഷനിവാരണത്തിനുമായി എല്ലാ വർഷവും കന്നി നാലിന് ശാന്തിഗിരി ആശ്രമത്തിൽ പൂർണ കുംഭമേള ആഘോഷിക്കുന്നു. പൂജിതപീഠ സമർപ്പണ ആഘോഷദിനമായ ഫെബ്രുവരി 22ന് അർദ്ധവാർഷിക കുംഭമേളയും ആഘോഷിക്കുന്നു.

തീരാവ്യാധികളിൽ നിന്നും മാറാത്ത കുടുംബദോഷങ്ങളിൽ നിന്നും പൂർവ്വജന്മപാപകൃതമായ കർമ്മദോഷങ്ങളിൽ നിന്നും മോചനത്തിനും ശാന്തിക്കും വേണ്ടി വ്രതനിഷ്ഠയോടെയാണ് കുംഭം എടുക്കേണ്ടത്. പന്ത്രണ്ട് കുംഭങ്ങൾ തുടർച്ചയായി എടുക്കാൻ കഴിഞ്ഞാൽ എല്ലാവിധ ജന്മാന്തരദോഷങ്ങളും മാറിപ്പോകും.

ആശ്രമം ജ്ഞാനത്തിന്റെ ഉറവിടവും വിനിമയകേന്ദ്രവുമാണ്. ഗുരു സർവാതിശായിയായ അനുഭവത്തിന്റെ സ്വരൂപവും സർഗസൃഷ്ടിയുടെ ആശ്രയവുമാണ്. വിമോചനാത്മകമായ ആശയത്തിന്റെ അമൃതം ആദ്യം പ്രകൃതിയിൽ വർഷിക്കപ്പെടുന്നത് ഗുരുവിലൂടെയാണ്. അത് കർമ്മസൃഷ്ടിയുടെ ആദ്യ പദാർത്ഥശാലയായി പ്രകൃതിയിൽ തുടിച്ചുനില്ക്കുന്നു. അതാണ് അനുഭവം പിഴിഞ്ഞെടുത്ത ഓരോരോ കർമ്മപഥങ്ങളായി ശാന്തിഗിരിയിലൂടെ പുറപ്പെടുന്നത്.

സർവ്വം ഈശ്വരമയം. ഇത് സാക്ഷാത്കാരതത്വം. സമസ്ത സൃഷ്ടികളിലും നിറഞ്ഞുനില്ക്കുന്ന ദൈവചൈതന്യം. സകലതിന്റെയും സത്തയായ ദൈവത്തിന്റെ പ്രതിരൂപം പ്രകൃതിയുടെ ശ്രുതിമധുരമായ സംഗീതത്തിൽ ലയിച്ചുനില്ക്കുന്നു. ഈ പാരസ്പര്യം പ്രത്യക്ഷമായി അനുഭവിക്കാൻ സാധിക്കുക എന്നതാണ് പരമമായ സാക്ഷാത്കാരം. ഈ സത്യസാക്ഷാത്കാരത്തിന്റെ മംഗളാഘോഷമാണ് ശാന്തിഗിരിയിലെ കുംഭമേള.

ശാന്തിഗിരിയിലെ കുംഭമേള ഫലശ്രുതിയോടൊപ്പം അതിമഹത്തായ ഒരു സന്ദേശവും മുന്നോട്ടുവയ്ക്കുന്നു. നിമിഷാർദ്ധത്തിലെ ചിരഞ്ജീവിയായ മനുഷ്യൻ തകർന്നുപോകുന്ന ഒരു മൺകുടം പോലെയാണ്. ശ്രദ്ധ വിട്ടാൽ മൺകുടം താഴെ വീണുടഞ്ഞു പോകുന്നതുപോലെ ജീവിതത്തിലെ ഒരു പിഴവ് പരിഹരിക്കാനാവാത്ത തെറ്റിലേക്ക് വീഴ്ത്തും. സദ്വാസനകളുടെ പ്രതീകമായി മൺകുടത്തിൽ നിറയ്ക്കുന്ന വാസനദ്രവ്യങ്ങളും ഔഷധികളും, വ്രതാനുഷ്ഠാനങ്ങളുമെല്ലാം ജീവിതത്തിൽ പുലർത്തപ്പെടേണ്ട കരുതലും നിശ്ചയദാർഢ്യവുമാണ്.

# എം. ചിദംബരൻ ദിവംഗതനായി

**ഹരിപ്പാട്:** ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി ഡെപ്യൂട്ടി ജനറൽ കൺവീനറും ആദ്യകാലം മുതൽ ആത്മബന്ധുവുമായ എം. ചിദംബരൻ (81) സെപ്റ്റംബർ 13 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: രമണി ബായി. മക്കൾ: ബിന്ദു ആർ. (ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ്, നങ്ങ്യാർകുളങ്ങര), സി. ബിജു (കൺവീനർ, വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം, ഗവേണിംഗ് കമ്മിറ്റി) മരുമക്കൾ: കെ.പി. ബിനോദ് (അബുദാബി), ദീപ പി.എസ്. (അമ്പിളി). സന്ന്യാസിമാരും ആത്മബന്ധുക്കളും ഉൾപ്പെടെ നിരവധി പേർ അന്ത്യോപചാരം അർപ്പിച്ചു. അനന്തര പ്രാർത്ഥന ഒക്ടോബർ രണ്ടിന് വീട്ടിൽ വച്ച് നടക്കും.



*എം. ചിദംബരൻ*

എം. ചിദംബരന്റെ ഹരിപ്പാടുള്ള ഭവനത്തിൽ വച്ചാണ് ശാന്തിഗിരി ആശ്രമത്തിലെ ആദ്യ ഗുരുപൂജ നടന്നത്. ഗുരു ഇവരുടെ ഭവനം സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ആശ്രമത്തെക്കുറിച്ച് ഇദ്ദേഹം തയ്യാറാക്കിയ ലഘുലേഖകൾ പുതുതായി എത്തുന്നവർക്കും ആത്മബന്ധുക്കൾക്കും ഏറെ സഹായകരമായിരുന്നു.

വിദ്യാഭ്യാസ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന എം. ചിദംബരൻ കുട്ടികളുടെ കൈയക്ഷരം നന്നാക്കുന്നതിനു നൂതന വിദ്യകൾ അവതരിപ്പിച്ച് ശ്രദ്ധ നേടിയിട്ടുണ്ട്. 1984 ൽ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പുറത്തിറക്കിയ ഇറ്റാലിക് കർസീവ് റൈറ്റിംഗ് ബുക്ക്, അക്ഷരങ്ങളുടെ വളവും തിരിവും രണ്ടു വരയ്ക്കുള്ളിൽ ഒതുക്കി നിർത്തിയ 'അക്ഷരദീപം' എന്നിവ ഇദ്ദേഹത്തിന്റെ സംഭാവനകളായിരുന്നു. മലയാളത്തിൽ ആദ്യമായി കോപ്പി ബുക്കുകൾ തയ്യാറാക്കിയതും ചിദംബരനാണ്. അമ്പലപ്പുഴ, ഹരിപ്പാട്, വണ്ടൂർ, കരുമാടി എന്നിവിടങ്ങളിലെ ഗവ. ഹൈസ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു.

# ഗുരു എന്റെ അനുഭവത്തിൽ

**എം. ചിദംബരൻ ഗുരുസപ്തതി പതിപ്പിൽ (1997) എഴുതിയ ലേഖനത്തിൽ നിന്ന്**

എന്റെ തറവാട് വളരെ പഴക്കം ചെന്ന ഒന്നാണ്. കാവും കുളവും ദൈവപ്പുരയും വച്ചാരാധനയും ഒക്കെയുള്ള ഒന്ന്. പിന്നീട് തറവാട് വളരെ ക്ഷയിച്ചുപോയി. കുടുംബത്തിൽ താമസിക്കുന്നവർക്കും മറ്റു ബന്ധുക്കൾക്കും ഉയർച്ചയും ഉണ്ടാകുന്നില്ല. പലരും പ്രശ്നവിധികൾക്ക് തയ്യാറായി. എല്ലാ വിധികളിലും ഒരേ കാര്യം തന്നെ പറഞ്ഞു: 'ബ്രഹ്മരക്ഷസ് ഉൾപ്പെടെ പല മൂർത്തികളുടെയും സർപ്പത്തിന്റെയും ദോഷം.' പരിഹാരത്തിനുവേണ്ടി കർമ്മങ്ങളും ക്ഷേത്രം പണിത് പുനഃപ്രതിഷ്ഠയും. എല്ലാം കൂടി ഭീമമായ തുകയാകും. ആരു ചെലവാക്കും? തറവാട്ടിൽ താമസിക്കുന്ന കുഞ്ഞമ്മയ്ക്ക് ഇത്ര വലിയ തുക ചെലവാക്കാൻ സാമ്പത്തികശേഷിയില്ല.സാമ്പത്തികമായി ഉയർന്നവർക്ക് ഇതിലൊന്നും വിശ്വാസവുമില്ല.

ഈ സാഹചര്യത്തിലാണ് ഗുരു, കരുവാറ്റയിലുള്ള കെ.പി. വൈദ്യരുടെ വീട്ടിൽ വന്നത്. ഞങ്ങളെല്ലാം വളരെ ബഹുമാനിക്കുന്ന കുടുംബസുഹൃത്താണ് വൈദ്യർ. ഓർമ്മവെച്ചനാൾ മുതൽ തികഞ്ഞ ഒരു കമ്യൂണിസ്റ്റുകാരനും ഉല്പതിഷ്ണുവുമായിട്ടാണ് വൈദ്യരെ ഞാൻ അറിഞ്ഞിട്ടുള്ളതും കണ്ടിട്ടുള്ളതും. വൈദ്യരുടെ വീട്ടിൽ വച്ച് എന്റെ കുഞ്ഞമ്മ ഗുരുവിനെ കണ്ടു. ഗുരു കുടുംബത്തിന്റെ തകർന്ന സ്ഥിതിയെക്കുറിച്ചും അതിനുള്ള കാരണങ്ങളെക്കുറിച്ചും പരിഹാര മാർഗങ്ങളെക്കുറിച്ചും നിർദ്ദേശിച്ചു. അത്ഭുതമെന്നു പറയട്ടെ, പ്രശ്നത്തിൽ കണ്ട കാര്യങ്ങൾ തന്നെ ഗുരുവും പറയുന്നു, യാതൊരു പ്രശ്നവിധികളുടെയും സഹായമില്ലാതെ.പരിഹാരമാർഗങ്ങളിൽ മാത്രം വ്യത്യാസം. വളരെ ലളിതവും എന്നാൽ അവിശ്വസനീയവുമായ ഒരു മാർഗം.

ഗുരു നിർദ്ദേശിച്ച പരിഹാരമാർഗം സങ്കല്പശക്തികൊണ്ട് കുടുംബത്തിലെ ബ്രഹ്മരക്ഷസിനെയും മൂർത്തികളെയും സർപ്പങ്ങളെയും മാറ്റാം എന്നാണ്. ഒരു പരീക്ഷണമെന്ന നിലയിൽ അതു പരിശോധിച്ച് നോക്കാം എന്നു ഞാൻ പറഞ്ഞു. ദിവസം നിശ്ചയിച്ച് കുടുംബാംഗങ്ങളെയൊക്കെ വിവരമറിയിച്ചു. പലർക്കും എതിർപ്പായിരുന്നു.

നിശ്ചിത ദിവസം ഗുരുവും കൂടെ ഒരു കൊച്ചു പെൺകുട്ടിയും കെ.പി. വൈദ്യരും തോട്ടപ്പള്ളിയിലെ മാവനാൽ എന്ന ഞങ്ങളുടെ തറവാട്ടിലെത്തി. കുടുംബാംഗങ്ങൾ ഉൾപ്പെടെ വലിയ ജനക്കൂട്ടം കാഴ്ചക്കാരായും എത്തിയിരുന്നു. കർമ്മത്തിന്റെ ഫലസിദ്ധിയെക്കുറിച്ച് മനസിലാക്കുന്നതിന് മധ്യതിരുവിതാംകൂറിലെ അന്നത്തെ പ്രശസ്ത ജ്യോത്സ്യനായ പല്ലന കൊച്ചു കേശവൻ ജ്യോത്സ്യരെയും ഞാൻ ക്ഷണിച്ചുവരുത്തിയിരുന്നു. ഹോമ കർമ്മാദികൾ കൊണ്ടല്ലാതെ ഒരു വ്യക്തിയുടെ ആത്മശക്തികൊണ്ട് ഇതുമാറ്റാൻ കഴിയില്ല എന്നായിരുന്നു ജ്യോത്സ്യന്റെ പക്ഷം. അദ്ദേഹത്തിന് ഇതൊരു പുതിയ അറിവാണെന്നും പറഞ്ഞു. പ്രശ്നത്തിൽ കാണുന്ന മൂർത്തികളെ ആത്മകർമ്മംകൊണ്ട് മാറ്റുന്നതായി ജ്യോത്സ്യത്തിൽ കാണാൻ കഴിഞ്ഞാൽ വിശ്വസിക്കാം എന്ന് അദ്ദേഹം പറഞ്ഞു.

ഗുരുവിനെ ആദ്യമായി കണ്ടപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. എന്റെ ഭാവനയിലെ ഒരു രൂപമേയല്ല. കാഷായമില്ല, ജടയില്ല, ധാടിമോടികൾ ഒന്നുമില്ല. ഒരു സാധാരണ മനുഷ്യൻ! ശുഭ്രവസ്ത്രധാരി. പക്ഷെ ആ മുഖത്ത് ഒരു അസാധാരണ ചൈതന്യം എനിക്ക് ദർശിക്കാൻ കഴിഞ്ഞു.

കർമ്മങ്ങൾ തുടങ്ങുകയായി. പ്രശ്നത്തിൽ ഇന്ന ഇന്ന മൂർത്തികളും ബ്രഹ്മരക്ഷസും നാഗവും ഉണ്ടെന്നു പറഞ്ഞു. ആ കൊച്ചുകുട്ടിയോട് ഗുരു എന്തോ പറഞ്ഞു. ആ കുട്ടി അല്പസമയം ധ്യാനത്തിലിരുന്നു. എന്നിട്ട് ഗുരു ജ്യോത്സ്യരോട് നിർദ്ദേശിച്ചു: 'മാറിയിട്ടുണ്ടോ എന്നു നോക്കൂ.' ജ്യോത്സ്യൻ പ്രശ്നം വച്ചുനോക്കി. അത്ഭുതം! മാറിയിരിക്കുന്നു. കണക്കു തെറ്റിപ്പോയോ എന്നു ജ്യോത്സ്യർക്ക് സംശയം. വീണ്ടും പ്രശ്നം വച്ചു. അതേ രാശിയും കണക്കും. കണക്കുകൊണ്ട് ദോഷങ്ങൾ മാറിയിട്ടുണ്ടെന്നാണ് കാണുന്നതെന്നായി ജ്യോത്സ്യൻ.

അങ്ങനെ ആ കുട്ടിയുടെ സങ്കല്പത്തിൽ എല്ലാം മാറി. ചിലത് മാറാൻ പ്രയാസപ്പെട്ടു. ചില പ്രതിവിധികൾ സങ്കല്പിച്ചപ്പോൾ അവയും മാറി. അവയെയെല്ലാം ഗുരു ആശ്രമത്തിലേക്ക് ആവാഹിച്ചുകൊണ്ടുപോയി. ജ്യോത്സ്യർ അവസാനം ഗുരുവിനെ തൊഴുതിട്ടു പറഞ്ഞു: "ക്ഷമിക്കണം. ആദ്യമായിട്ടാണ് ഞാൻ ഇങ്ങനെ കാണുന്നത്. എനിക്കിതൊരു പുതിയ അറിവാണ്." വളരെ പണം ചെലവു ചെയ്ത് ഹോമകർമ്മാദികളും ക്ഷേത്രപ്രതിഷ്ഠയും നടത്തി പരിഹാരം കാണേണ്ട ഒരു പ്രശ്നം സങ്കല്പം കൊണ്ടു മാത്രം പരിഹരിക്കാൻ കഴിഞ്ഞെങ്കിൽ അതിന്റെ പിന്നിലെ ദിവ്യശക്തിക്ക്, ആത്മീയപ്രഭാവത്തിന്നു മുന്നിൽ സാഷ്ടാംഗപ്രണാമം നടത്താനേ ഏതൊരാൾക്കും കഴിയൂ.

ഈ കർമ്മത്തിനുശേഷം തറവാട് പുതുക്കിപ്പണിതു. കുടുംബാംഗങ്ങൾക്കെല്ലാം വളരെ അഭിവൃദ്ധിയുണ്ടായി. എന്നാൽ അവിടുത്തെ യുക്തിവാദികളായ സന്തതികൾക്ക് ഇപ്പോഴും ഗുരുവിന്റെ മാഹാത്മ്യം മനസിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിൽ എനിക്കു വളരെ വേദനയുണ്ട്.

# പൂർണ്ണ കുംഭമേള: കോഡിനേഷൻ മീറ്റിംഗ് നടന്നു

**സ്പിരിച്വൽ സോൺ:** ബുധനാഴ്ച നടക്കുന്ന പൂർണകുംഭമേള ആഘോഷത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് പ്രത്യേക കോഡിനേഷൻ മീറ്റിംഗ് സെപ്റ്റംബർ 12 ന് ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിൽ വച്ച് ചേർന്നു. ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാന തപസ്വി അധ്യക്ഷത വഹിച്ചു. സർവാദരണീയ ജനനി നവപ്രിയ ജ്ഞാന തപസ്വിനി, ആദരണീയ സ്വാമി ജ്യോതിർപ്രകാശ ജ്ഞാന തപസ്വി, വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ, സാംസ്കാരിക ഡിവിഷൻ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. പൂർണ്ണ കുംഭമേള, സന്ന്യാസദീക്ഷാ വാർഷികം ആഘോഷം എന്നിവയോടനുബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്തു. ഫിനാൻസ് മോണിറ്ററിംഗ് സെൽ പ്രതിനിധി ബജറ്റ് അവതരണം നടത്തി.



*എൻ.എസ്.എസ്. വിദ്യാർത്ഥികൾ വൃദ്ധസദനത്തിനു മുന്നിൽ*

# വൃദ്ധസദനം സന്ദർശിച്ചു

**എഡ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ പൊന്നൂസ് വൃദ്ധസദനം സന്ദർശിച്ചു. അന്തേവാസികൾക്ക് ഓണക്കോടി വിതരണം ചെയ്തു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സജീർ ഡി, അദ്ധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.



*സ്വാമി മനുചിത് ജ്ഞാനതപസ്വി കണ്ണൂരിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ*

## പ്രാർത്ഥന

**പോത്തൻകോട്:** ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘത്തിന്റെ പോത്തൻകോട് യൂണിറ്റിൽ കഴിഞ്ഞയാഴ്ച നടന്ന പ്രാർത്ഥനയ്ക്ക് സർവാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി നേതൃത്വം നല്കി. എല്ലാക്കാര്യങ്ങൾക്കും നമുക്ക് ആയുധമായി ഗുരു തന്നിരിക്കുന്നത് പ്രാർത്ഥനയാണെന്ന കാര്യം സ്വാമി ആത്മബന്ധുക്കളെ ഓർമ്മപ്പെടുത്തി. പ്രാർത്ഥനയാണ് നമ്മുടെ അടിസ്ഥാനമായി നില്ക്കേണ്ടത്. യൂണിറ്റ് പ്രാർത്ഥനയിൽ മുടങ്ങാതെ പങ്കെടുക്കാൻ ആത്മബന്ധുക്കൾ ശ്രദ്ധിക്കണമെന്നും സ്വാമി നിർദ്ദേശിച്ചു. പോത്തൻകോട് യൂണിറ്റിലെ മുപ്പതോളം കുടുംബങ്ങളിൽ നിന്നുള്ള ആത്മബന്ധുക്കൾ പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചു. പാലോട്ടുകോണം, ആനന്ദപുരം യൂണിറ്റുകളിൽ കഴിഞ്ഞയാഴ്ച പ്രാർത്ഥന ഉണ്ടായിരുന്നില്ല.

ഗുരുചരണം ശരണം

**ഒന്നാം ചരമ വാർഷികം**

**15.09.2017**



**സെബാസ്റ്റ്യൻ പി.ജെ**

എൽ.ഐ.ജി. ക്വാർട്ടേഴ്സ്,
ആനന്ദപുരം
ശാന്തിഗിരി പി.ഒ.

**പ്രാർത്ഥനയോടെ**

ഭാര്യ: സൂസി സെബാസ്റ്റ്യൻ
മക്കൾ: ആനന്ദൻ, ആത്മജ
മരുമകൻ: അബി ജോർജ്
പേരക്കുട്ടി: ഗുരുചന്ദ്രിക

# ചട്ടമ്പിസ്വാമികൾ യുഗപുരുഷൻ: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കൊല്ലം:** സകല ജീവജാലങ്ങളിലും ഏകത്വം ദർശിച്ച യുഗപുരുഷനാണ് ചട്ടമ്പിസ്വാമികളെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി. സമസ്ത നായർ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ചവറയിൽ സംഘടിപ്പിച്ച ചട്ടമ്പിസ്വാമികളുടെ 164 –ാമത് ജയന്തി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്വാമി. ഇന്നത്തെ സംഘർഷപൂരിതമായ കാലഘട്ടത്തിൽ ചട്ടമ്പിസ്വാമികളുടെ ദർശനങ്ങൾക്ക് പ്രസക്തിയേറെയാണ്. ചടങ്ങിൽ ജീവകാരുണ്യനിധിയുടെ ഉദ്ഘാടനവും സ്വാമി നിർവഹിച്ചു.



*ചവറയിൽ ചട്ടമ്പിസ്വാമി ജയന്തി ആഘോഷം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

യോഗത്തിൽ സമസ്ത നായർ സമാജം ഉപദേശക സമിതി അംഗം ഡോ. കെ.ആർ.സുകുമാര പിള്ള അദ്ധ്യക്ഷത വഹിച്ചു. ഡോ. ടി.എ. സുന്ദരമേനോൻ, പി. ആർ. വിശ്വനാഥൻ നായർ, ജി.പി. രവീന്ദ്രൻ നായർ, പെരുമുറ്റം രാധാകൃഷ്ണൻ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

# സന്ന്യാസദീക്ഷാ വാർഷികം: സത്സംഗങ്ങൾ വ്യാഴാഴ്ച തുടങ്ങും

**സ്പിരിച്വൽ സോൺ:** മുപ്പത്തിമൂന്നാമത് സന്ന്യാസദീക്ഷാ വാർഷികാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന സത്സംഗങ്ങൾ സെപ്റ്റംബർ 21 വ്യാഴാഴ്ച ആരംഭിക്കും. സ്പിരിച്വൽ സോൺ ഓഡിറ്റോറിയത്തിൽ വൈകുന്നേരം എട്ടു മണി മുതൽ ഒൻപത് വരെയാണ് സത്സംഗങ്ങൾ നടക്കുക. സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി സത്സംഗങ്ങൾ ഉദ്ഘാടനം ചെയ്യും. സർവാദരണീയരായ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി പരിപൂർണ ജ്ഞാനതപസ്വി, സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി എന്നിവർ എല്ലാ സത്സംഗങ്ങളിലും മഹനീയ സാന്നിധ്യമായിരിക്കും.

തുടർന്നുള്ള ദിവസങ്ങളിൽ സർവാദരണീയ സ്വാമി നവനന്മ ജ്ഞാനതപസ്വി (സന്ന്യാസധർമ്മം), ഡോ. എസ്.എസ്. ഉണ്ണി (ഗുരുസ്നേഹം), ഡോ. കെ.എൻ. ശ്യാംപ്രസാദ് (ഗുരു അനുഭവ സത്യം) മുരളിശ്രീധർ (ത്യാഗസുരഭിലമായ ജീവിതം), ഡോ. കെ. ആർ. എസ്. നായർ (ചിട്ടയായ ജീവിതചര്യ), റ്റി. കെ. ഉണ്ണികൃഷ്ണപ്രസാദ് (ഗുരുവിന്റെ വാക്ക് അത് കാലത്തിന്റെ മഹിമ), ഡോ. റ്റി. എസ്. സോമനാഥൻ (ഗുരുക്കന്മാരുടെ ജീവിതവഴികൾ) എന്നിവർ പ്രഭാഷണം നടത്തും. ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി മോഡറേറ്റർ ആയിരിക്കും. സെപ്തംബർ 29, വെള്ളിയാഴ്ച സത്സംഗങ്ങളുടെ സമാപന സമ്മേളനം സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യും.

# നാഷണൽ വാഷ് കോൺക്ലേവിൽ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥിനികൾ

**എജ്യൂക്കേഷൻ സോൺ:** ഡൽഹി സുലഭ് സ്കൂൾ സാനിറ്റേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18,19 തീയതികളിൽ നാഷണൽ വാഷ് കോൺക്ലേവ് സംഘടിപ്പിക്കും. മഹാത്മജിയുടെ 119 ാം ജൻമദിനത്തോടനുബന്ധിച്ചുള്ള സ്വപനപദ്ധതിയായ ക്ലീൻ ഇന്ത്യ എന്ന സ്വച്ഛഭാരത് പരിപാടിയുടെ ഭാഗമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.



*എം. ജാൻവി*



*എം.എസ്.ലക്ഷ്മി*



*തീർത്ഥ സുനിൽ*

വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ പരിപോഷിപ്പിക്കുക, സ്കൂൾ ശുചിത്വം, വ്യക്തി ശുചിത്വം എന്നീ തലങ്ങളിൽ വിദ്യാർത്ഥികളുടെ ആശയങ്ങൾ പ്രയോജനപ്പെടുത്തുക, ശുചിത്വവത്ക്കരണത്തിൽ കുട്ടികളിൽ ജിജ്ഞാസ ഉണർത്തുക, വിദ്യാർത്ഥികളിൽ പുതിയ ചിന്താധാരകൾ വളർത്തിയെടുക്കുക, ആഗോള സാഹോദര്യം, വ്യക്തി ശുചിത്വം തുടങ്ങി വിവിധ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. സുലഭ് സ്കൂൾ സാനിറ്റേഷൻ ക്ലബ് ഡൽഹി റാഫി മാർഗ് മവ്‌ലങ്കാർ ഹാളിൽ വെച്ച് നടത്തുന്ന നാഷണൽ കോൺക്ലേവിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികളായ എം. ജാൻവി, തീർത്ഥ സുനിൽ, എം.എസ്.ലക്ഷ്മി എന്നീ വിദ്യാർത്ഥിനികളും അദ്ധ്യാപികയായ എസ്.എൽ. സൗദാമിനിയും കേരളത്തെ പ്രതിനിധാനം ചെയ്ത് പങ്കെടുക്കും. 24 സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കുന്ന കോൺക്ലവിൽ ശുചീകരണം സാമൂഹ്യ പ്രതിബദ്ധത എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾ പവർ പോയിന്റ് പ്രസന്റേഷൻ നടത്തും. കൂടാതെ കേരളത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളിലൊന്നായ മോഹിനിയാട്ടവും കോൺക്ലേവിൽ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥിനികൾ അവതരിപ്പിക്കുന്നുണ്ട്. ശുചിത്വവത്ക്കരണത്തിന്റെ ഭാഗമായി ശാന്തിഗിരി വിദ്യാഭവനിൽ നാപ്കിൻ നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ആദ്യഘട്ടങ്ങളിൽ വിദ്യാർത്ഥികൾക്കും പിന്നീട് പരിസരവാസികളായ സ്ത്രീകൾക്കും പരിശീലനം നൽകുന്നതാണ്.




## വിവാഹിതരായി



കോഴിക്കോട് ചിലവൂർ ഗുരുസ്തുതിയിൽ കെ.ഇ. സുനിലിന്റെ മകൻ ദീപക്കും ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി അംഗവും പ്രശസ്ത ചലച്ചിത്ര സംവിധായകനുമായ രാജീവ് അഞ്ചലിന്റെ മകൾ ഗാർഗിയും സെപ്റ്റംബർ 11 തിങ്കളാഴ്ച ആശ്രമത്തിൽ വച്ച് വിവാഹിതരായി. സന്ന്യാസിമാരും മന്ത്രിമാർ അടക്കമുള്ള രാഷ്ട്രീയ സാമൂഹികരംഗത്തെ പ്രമുഖരും വൈകുന്നേരം കഴക്കൂട്ടം അൽ സാജ് ഓഡിറ്റോറിയത്തിൽ നടന്ന സ്വീകരണചടങ്ങിൽ പങ്കെടുത്തു.



*സ്നേഹപുരം യൂണിറ്റിൽ എസ്. പത്മദാസ് നിർമ്മിക്കുന്ന പുതിയ ഭവനത്തിന്റെ ശിലാസ്ഥാപനം സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*

**RANI**
**TOTAL GAZ DISTRIBUTORS**
Bakery Jn., Near Valsala Nursing Home
Nandavanam, Thiruvananthapuram
Immediate LPG Connection - ഉടനടി LPG കണക്ഷൻ
Contact : 8078405378, 9388611122, 9447012035